'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല- പായിപ്ര ഗ്രാമപഞ്ചായത്ത്- രണ്ടാമത്തെ മാവേലിസ്റ്റോറിന്റെ കെട്ടിട വാടക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1427/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 09/07/2019**

പരാമർശം:- 1 29/6/2017 ലെ സ.ഉ (സാധാ)നം.2183/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

2 08/01/2018 ലെ സ.ഉ (സാധാ)നം.81/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

3 പായിപ്ര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 01/09/2019 ൽ നടന്ന സാധാരണ യോഗത്തിലെ 7(1) നമ്പർ തീരുമാനം

4 പായിപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05/10/2018 ലെ പി/8002/17നമ്പർ കത്ത്.

5 പഞ്ചായത്ത് ഡയറക്ടറുടെ 14/05/2019 ലെ PAN/314/2019-G1(DP) നമ്പർ കത്ത്.

**ഉത്തരവ്**

പായിപ്ര ഗ്രാമ പഞ്ചായത്തിലെ ശ്രീ.ഇബ്രാഹിം,ചിറക്കടി വീട്, മുളവൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ 196,197,198 എന്നീ നമ്പർ മുറികളിൽ 2013മുതൽ പ്രവർത്തിച്ചു വരുന്ന മാവേലി സ്റ്റോറിന്റെ വാടക പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകിയെന്നും തുടർന്ന് രണ്ടാമത്തെ മാവേലി സ്റ്റോറിന്റെ വാടക പായിപ്ര ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം(3) പ്രകാരം പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം പരാമർശം (4) പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരിക്കുന്നു. പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പായിപ്ര ഗ്രാമപഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 2018 ഏപ്രിൽ ഒന്നു മുതൽ 2019 മാർച്ച് 31 വരെയുള്ള പ്രതിമാസ വാടക 3420/- രൂപ നിരക്കിൽ ആകെ 41,040/- ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിഷ്.റ്റി
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.

പ്രസിഡന്റ്, പായിപ്ര ഗ്രാമപഞ്ചായത്ത്, എറണാകുളം

ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ